بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.08.2023


**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)


*യു.കെയിലെ മസ്ജിദ് ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ചത്.*

## ജൽസ സാലാന യു.കെ. 2023 വിജയകരമായി സമാപിച്ചു.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

അൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ഞായറാഴ്ച വരെ ജമാഅത്തെ അഹ്മദിയ്യാ യു.കെ.യുടെ ജൽസ വിജയകരമായി നടക്കുകയുണ്ടായി. ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ വളരെ കൂടുതലായി ആളുകളും പങ്കെടുത്തിരുന്നു. അല്ലാഹുവിനോട് നാം എത്ര തന്നെ നന്ദി പ്രകടിപ്പിക്കുകയാണെങ്കിലും അത് മതിയാവുന്നതല്ല. അവൻ നമ്മുടെ ജൽസയെ അനന്തമായ അനുഗ്രഹങ്ങൾ കൊണ്ട് നിറക്കുകയുണ്ടായി.

നാം ബലഹീനരാണ്. നമ്മുടെ പണികളെല്ലാം തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് നടക്കുന്നത്. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിത്തിട്ടപ്പെടുത്താൻ ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങൾക്കവയെ എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. എന്ന അല്ലാഹുവിന്റെ വചനത്തെ എപ്പോഴും അനുഭവിക്കുന്നവരാണ് നാം. ചുരുക്കത്തിൽ നന്ദി കാണിക്കേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ അവന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടിരിക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു. നമ്മൾ നമ്മുടെ ഈ കടമ നിറവേറ്റികൊണ്ടിരിക്കുകയാണെങ്കിൽ നമ്മുടെ ചുവടുകൾ ഇൻശാ അല്ലാഹ് മുന്നോട്ട് ഗമിക്കുന്നതാണ്. ഏതായിരുന്നാലും ഈ ജൽസയുടെ വിജയത്തിൽ സംഘാടകരും ജൽസയിൽ പങ്കെടുത്തവരും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കണം.

ഇനി ഞാൻ ജൽസയിൽ ജോലി ചെയ്ത എല്ലാർക്കും നന്ദി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇപ്രാവശ്യം പൊതുവിൽ എല്ലാവരും വളരെ നല്ല നിലയിൽ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയിട്ടുണ്ട്. പുഞ്ചിരിച്ച്കൊണ്ട് അസാധാരണമാം വിധം (ഞാൻ തുടക്കത്തിൽ ഉപദേശിച്ചത് പോലെ) തങ്ങളുടെ ഡ്യൂട്ടികൾ നിർവഹിക്കുകയുണ്ടായി. (അല്ലാഹു അവർക്കെല്ലാം പ്രതിഫലം നൽകുമാറാകട്ടെ.) എല്ലാ വർഷവും ഭക്ഷണം കൊടുക്കുന്നതിനെ സംബന്ധിച്ച് ലജ്നയുടെ ഭാഗത്തുനിന്ന് പരാതികൾ ഉണ്ടാകുമായിരുന്നു. എന്നാൽ ഈ തവണ ഈ പരാതി ഇല്ല എന്ന് തന്നെ പറയാം. അതുപോലെ ട്രാഫിക് വിഭാഗം, ഭക്ഷണം തയാറാക്കുന്ന വിഭാഗം, റൊട്ടിപ്ലാന്റ്, സെക്യൂരിറ്റി, ക്ലീനിങ് ഇതിനുമപ്പുറം എം.ടി.എ. ഇപ്രാശ്യം പുതിയ രീതിയിലാണ് ജൽസയുമായി ലോകത്തെ ബന്ധിപ്പിച്ചിട്ടുണ്ടായിരുന്നത്. ചുരുക്കത്തിൽ ഞാൻ പേര് പറഞ്ഞവയും അല്ലാത്തതുമായ എല്ലാ വിഭാഗങ്ങൾക്കും നന്ദി പ്രകാശിപ്പിച്ച് കൊള്ളുന്നു.

പുറമെ നിന്ന് വന്ന അന്യരായ ആളുകളുടെ അനുഭവങ്ങൾ എന്തെല്ലാം ആയിരുന്നുവെന്ന് ഉള്ള ഏതാനും അഭിപ്രായങ്ങൾ ഞാൻ സമർപ്പിക്കുന്നതാണ്. ബുർക്കിനാഫാസോയിലെ വളരെ പ്രസിദ്ധനായ നേത്രരോഗ വിദഗ്ധൻ പറയുന്നു: ആയിരക്കണക്കിന് ആളുകൾ ഒരു ലക്ഷ്യത്തിനുവേണ്ടി ഒരു സ്ഥലത്ത്, ഒരു മതനേതാവിന്റെ ചുറ്റും ഒരുമിച്ച് കൂടിയിരിക്കുന്നു. ഇത്രയും വലിയ സംവിധാനം എന്നെ സംബന്ധിച്ചിടത്തോളം ആശ്ചര്യാവഹമാണ്.

അമേരിക്കയിലുള്ള വളരെ പ്രസിദ്ധനായ ഒരു സീനിയർ ലോ പ്രൊഫസർ പറയുന്നു: ഞാൻ ലോകത്ത് ഇത്തരത്തിലുള്ള നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. രെജിസ്ട്രേഷന്റെ സംവിധാനവും ഉണ്ടാകാറുണ്ട്. പക്ഷെ ജൽസയിൽ വളരെ കാര്യക്ഷമമായ രീതിയിൽ രെജിസ്ട്രേഷൻ ഏതാനും നിമിഷങ്ങൾക്കകം തന്നെ ചെയ്യുന്നത് വളരെ ആശ്ചര്യാവഹമായ ദൃശ്യമായിരുന്നു.

ബെലീസിലെ ഒരു പട്ടണത്തിലെ മേയർ പറയുന്നു: ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും ഇത്രയും സമാധാന കാംക്ഷികളായ ആളുകളെ കണ്ടിട്ടില്ല. ഞാൻ ഇവിടെ കണ്ട ആത്മീയ അന്തരീക്ഷവും ജനങ്ങളുടെ പരസ്പരമുള്ള സ്നേഹപെരുമാറ്റവും തീർച്ചയായും ശ്ലാഘനീയമാണ്.

ഇൻഡോനേഷ്യയിലെ മതകാര്യ വിഭാഗം മുൻ മന്ത്രി പറയുന്നു: എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന നിങ്ങളുടെ മുദ്രാവാക്യം ഞാൻ ലണ്ടൻ എയർപോർട്ട് മുതൽ ജൽസ ഗാഹ് വരെയും കാണാൻ തുടങ്ങിയതാണ്.

ഗാംബിയയിൽ നിന്ന് ജൽസയിൽ പങ്കെടുത്ത വാർത്താ വിതരണ വകുപ്പ് മന്ത്രി പറയുന്നു: ഞാൻ ജൽസയുടെ മുഴുവൻ സംവിധാനങ്ങളിലും വളരെയേറെ പ്രഭാവിതനാണ്. ഇത്രയും വലിയ ഒരു സമ്മേളനത്തിൽ എവിടെയും ഉന്തും തള്ളും വഴക്കും വക്കാണവും കാണാൻ കഴിഞ്ഞില്ല. മറ്റൊരു കാര്യം എനിക്ക് കാണാൻ കഴിഞ്ഞത് അഹ്മദികൾക്ക് തങ്ങളുടെ ഇമാമിനോടുള്ള അകൈതവമായ സ്നേഹമാണ്. അതിനു തത്തുല്യമായത് മറ്റെവിടെയും കാണാൻ കഴിയില്ല.

ബ്രസീലിൽനിന്ന് വന്ന പ്രതിനിധി പറയുന്നു: 118 രാഷ്ട്രങ്ങളിൽനിന്നുള്ള ആളുകൾ ഒരു സ്ഥലത്ത് സാഹോദര്യത്തിന്റെ അന്തരീക്ഷത്തിൽ ഒരുമിച്ച് കൂടുക എന്നത് മറ്റാർക്കും തന്നെ നടത്താൻ സാധ്യമല്ല. ജനങ്ങളുടെ പരസ്പരമുള്ള ആദരവും സൽസ്വഭാവവും സന്മനസ്സും സഹാനുഭൂതിയോടെ കണ്ടുമുട്ടുന്നതും എനിക്ക് വളരെയേറെ ഇഷ്ടമായി. ട്രാൻസ്പോർട് അതിഥികൾക്ക് വളരെ നല്ല സംവിധാനമായിരുന്നു.

സ്പെയിനിൽ നിന്ന് വന്ന സംഘത്തിലെ ചരിത്രകാരനായ ആൾ പറയുന്നു: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ കാലഘട്ടത്തിൽ ഉറച്ച തീരുമാനങ്ങളുടെയും കഠിനാദ്ധ്വാനത്തിന്റേയും ഉന്നതമാതൃകയാണ് സ്ഥാപിച്ചിട്ടുള്ളത്.

ഇറ്റലിയിൽ നിന്ന് വന്ന പത്രപ്രവർത്തകൻ പറയുന്നു: ഞാൻ ജൽസയെ സംബന്ധിച്ച് നേരത്തെ വായിച്ചിട്ടുണ്ട്. പക്ഷെ അതിൽ പങ്കെടുക്കുന്നത് തികച്ചും ഒരു വേറിട്ട അനുഭവമാണ്. ജൽസയിൽ വളരെ പ്രധാനപ്പെട്ടതായി ഞാൻ കണ്ടത് നമസ്കാരമായിരുന്നു.

സെനഗലിലെ ഒരു റീജിയനിലെ ഗവർണർ പറയുന്നു: (ഞാൻ കണ്ട അച്ചടക്കവും) സ്നേഹത്തിന്റെ മാതൃകയും ഇതിനു മുമ്പ് എവിടെയും കണ്ടിട്ടില്ല. ഹദ്റത് മസീഹ് മൗഊദ്[അ] ന്റെ (ഇവിടെ വായിച്ച) ഉദ്ധരണികൾ എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. ജൽസയിൽ (കണ്ട മറ്റൊരു പ്രത്യേകത ത്യാഗമനോഭാവമാണ്.) ഓരോരുത്തരും അപരന് മുൻഗണന നൽകുകയായിരുന്നു.

കൊളമ്പിയയിൽ നിന്ന് വന്ന ഒരു അതിഥി പറയുന്നു: ഇവിടെയുള്ള സമാധാന അന്തരീക്ഷവും സാഹോദര്യവും സ്നേഹവും കാലത്തിന്റെ ഖലീഫയുടെ വിജ്ഞേയമായ പ്രഭാഷണങ്ങളും അഹ്മദികളെയും എല്ലാം കണ്ടപ്പോൾ അതെല്ലാം എന്നെ വളരെയധികം സ്വാധീനിക്കുകയുണ്ടായി.

ചിലിയിൽ നിന്ന് ഒരു ക്രിസ്തീയ സംഘടനയിൽപെട്ട മൂന്ന് പേർ വന്നിരുന്നു. അതിൽപെട്ട (ഒരു ക്രിസ്ത്യൻ വിഭാഗത്തിന്റെ സ്ഥാപകനായ) ഒരാൾ പറയുന്നു: (നിങ്ങളുടെ ജൽസയുടെ സംവിധാനവും പരിപാടിയും കണ്ടപ്പോൾ നിങ്ങളുടെ ജമാഅത്ത് ഒരു അസ്തിത്വം പോലെയാണെന്ന് മനസ്സിലായി. കാലത്തിന്റെ ഖലീഫ ഈ ശരീരത്തിന്റെ ശിരസ്സും മസ്തിഷ്കവുമാകുന്നു. ബാക്കി ജമാഅത്ത് ഈ ശരീരത്തിലെ അവയവങ്ങൾ പോലെയാണ്. അത് മസ്തിഷ്കത്തിൽ നിന്നുള്ള സിഗ്നലും സൂചനകളും അനുസരിച്ച് പ്രവർത്തന നിരതമാണ്.

സ്പെയിനിൽ നിന്നുള്ള ഒരു അനുഭാവി സുഹൃത്ത് പറയുന്നു: ഒരു രാജാവിന് കൊടുക്കുന്നതിനും അപ്പുറമുള്ള പരിഗണനയാണ് എനിക്ക് ഈ ജൽസയിൽ കിട്ടിയത്. അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്വാർത്ഥ സേവകർ നാല്പത്തിനായിരത്തിൽ അധികം ജനങ്ങളെ സേവിക്കുന്നത് ഒരു അത്ഭുത ദൃഷ്ടാന്തമാണ്. ഈ ജൽസയുടെ അനുഗ്രഹത്താൽ ഞാൻ അല്ലാഹുവുമായി എന്നെ ബന്ധിപ്പിച്ചിരിക്കുന്നു.

കാനഡയിൽ നിന്നുള്ള പാർലമെന്റ് മെമ്പർ പറയുന്നു: ജൽസയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ചിടത്തോളം വളരെ വലിയ കാര്യമാണ്. ഇവിടെ തങ്ങളുടെ മതത്തോട് കൂറിന്റേയും നിസ്വാർത്ഥ സേവനത്തിന്റേയും പാഠങ്ങളാണ് കിട്ടുന്നത്.

തുർക്കിയിൽ നിന്നും വന്ന പ്രിന്റിങ് പ്രെസ്സ് ഉടമസ്ഥരിലെ ഡയറക്ടർ പറയുന്നു: ഇത്രയും വലിയ ഒരു സമ്മേളനം യാതൊരു പ്രയാസവും കൂടാതെ നിങ്ങൾ സംഘടിപ്പിച്ചത് എന്നെ സംബന്ധിച്ചിടത്തോളം വളരെയേറെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. ഞാൻ ഇവിടെ കണ്ട ആശ്ചര്യഭരിതമായ ഒരു സംഗതി ഇത്രയു വലിയ സമ്മേളനത്തിൽ ആരും തന്നെ സിഗരറ്റ് വലിക്കുന്നതായി കണ്ടിട്ടില്ല.

ലിത്വിയയിൽ നിന്ന് വന്നു ജൽസയിൽ പങ്കെടുത്ത ഒരു പൊതു പ്രവർത്തക പറയുന്നു:

ഈ ജൽസയിൽ നിന്ന് ഇസ്‌ലാമിനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ അറിയാൻ കഴിഞ്ഞു. ഞാൻ തിരിച്ച് പോയി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും ഇസ്‌ലാമിനെ കുറിച്ച് എന്റെ അറിവ് വിപുലമാക്കാൻ ശ്രമിക്കുന്നതുമാണ്.

ടിവിയിൽ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇരുന്ന് ജൽസ ശ്രവിച്ച ചിലയാളുകളുടെ പ്രതികരണങ്ങളും ഉണ്ട്. കോംഗോ ബ്രസാവിലിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു: ഒരു ക്രിസ്ത്യൻ സുഹൃത്തിനെ ജൽസയിലേക്ക് ക്ഷണിച്ചിരുന്നു. സമാപന പ്രഭാഷണം കേട്ടശേഷം അദ്ദേഹം പറഞ്ഞു. ലോകത്തുള്ള എല്ലാ ഭരണകൂടങ്ങളും ഈ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ലോകത്തുനിന്ന് ദാരിദ്ര്യം നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ കൂടിയും ചുരുങ്ങിയത് ആരും തന്നെ രാത്രിയിൽ പട്ടിണി കിടക്കുന്നതല്ല. ഇസ്‌ലാമിന്റെ ഖലീഫമാർ തങ്ങളുടെ പ്രജകളെ ശ്രദ്ധിച്ചിരുന്നത് പോലെ നമ്മുടെ നേതാക്കൾ തങ്ങളുടെ പ്രജകളെ ശ്രദ്ധിക്കാൻ തുടങ്ങിയാൽ നമ്മുടെ ലോകം സ്വർഗമായി തീരുന്നതാണ്.

ഐസ്‌ലാന്റിൽ നിന്ന് വേൾഡ് പീസിന്റെ മിഷനറി പറയുന്നു: ഞാൻ കണ്ടുമുട്ടിയ എല്ലാ ജമാഅത്ത് അംഗങ്ങളും നിർമലമായി മറ്റുള്ളവരെ പരിഗണിച്ച്കൊണ്ട് സേവനത്തിന് എപ്പോഴും തയ്യാറായിരിക്കുന്നവരായി കണ്ടു. താമസത്തിനു നല്ല സംവിധാനമായിരുന്നു.

ഹെയ്തിയിലെ ജുഡീഷറി പോലീസിന്റെ പ്രതിനിധി പറയുന്നു: ആഗോള അഹ്‌മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാനയിൽ പങ്കെടുത്തപ്പോൾ ഒരു ക്രിസ്ത്യൻ എന്ന നിലക്ക് മതങ്ങളെ പറ്റിയും വളരെയെറെ കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിരവധി അഭിപ്രായ പ്രകടനങ്ങൾ വന്നിട്ടുണ്ട്. അല്ലാഹു അഹ്‌മദികളുടെ ജീവിതങ്ങളെ എപ്പോഴും അല്ലാഹുവുമായി ബന്ധിപ്പിക്കാൻ ജൽസയുടെ ഫലങ്ങളെ നിമിത്തമാക്കുമാറാകട്ടെ. വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർധനവ് ഉണ്ടാക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമന ലക്ഷ്യത്തെ പൂർത്തീകരിക്കുന്നവരായി തീരുമാറാകട്ടെ. അന്യർക്ക് മേലുണ്ടായ പ്രഭാവങ്ങൾ കേവലം സമയാധിഷ്ഠിതമാകാതിരിക്കട്ടെ. മറിച്ച് അത് സ്ഥായിയായി അവരുടെ കണ്ണുകൾ തുറക്കുന്നതിന് നിമിത്തമാകട്ടെ.

മാധ്യമങ്ങൾ മുഖേനയും ജൽസയുടെ പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. ആഫ്രിക്കൻ വൻകരയിൽ 24 ചാനലുകൾ എന്റെ പ്രഭാഷണങ്ങൾ കേൾപ്പിച്ചു. 4 കോടിയിലധികം ആളുകൾ ഇത് കേൾക്കുകയുണ്ടായി. മീഡിയ സെന്ററും തയ്യാറാക്കിയിരുന്നു. ഇതിൽ 23 മീഡിയ ഡയറക്ടർമാരും പത്രപ്രവർത്തകരും പങ്കെടുത്തു. ദിവസവും റിപ്പോർട്ട് തയ്യാറാക്കിയിരുന്നു.

ഇങ്ങനെ മൊത്തത്തിൽ 72 ന്യൂസ് റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുകയും ആയത് ഏകദേശം 5 കോടി ആളുകളിലേക്ക് എത്തിക്കുകയും ചെയ്തു. 41 വെബ്സൈറ്റുകൾ മുഖേന വാർത്തകൾ സംപ്രേഷണം ചെയ്തിരുന്നു. ജൽസയെ സംബന്ധിച്ച് പത്രങ്ങളിൽ 15 ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. വിവിധ ടി.വി. ചാനലുകളിൽ 14 വാർത്തകൾ സംപ്രേഷണം ചെയ്തു. റേഡിയോ സ്റ്റേഷനുകളിൽ നിന്ന് 37 വാർത്തകൾ നൽകപ്പെട്ടു.

അല്ലാഹു എല്ലാ നിലക്കും ഈ ജൽസയെ അനുഗ്രഹീതമാക്കി. അല്ലാഹു നമുക്ക് വിനയാന്വിതരും നന്ദി കാണിക്കുന്നവരുമായ ദാസന്മാരായിക്കൊണ്ട് എപ്പോഴും തങ്ങളുടെ ഇസ്‌ലാഹ് ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ.

---

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Baitul Futuh Mosque, U.K – on 04.08.2023

Malayalam Translation: **Moulavi H Shamsuddeen Kavassery** For Malayalam Desk, Qadian.

Typing: Moulavi Waseem Ahmad Chelakkara, Layout: Moulavi T Jamshad Mukkam

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**